# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 365 — 19.03.2018 -ൽ മറുപടിക്ക്

### സർവശിക്ഷാ അഭിയാൻ പദ്ധതി

ചോദ്യം

**ഉത്തരം**

പ്രൊഫ : സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**ശ്രീ.എ. പ്രദീപ്കുമാർ**
**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ.എ. എൻ. ഷംസീർ**
**ശ്രീമതി.വീണാ ജോർജ്ജ്**

എ) സംസ്ഥാനത്തെ എൽ.പി, യു.പി സ്കൂളുകളിലെ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് സർവശിക്ഷാ അഭിയാൻ (എസ്.എസ്.എ) പദ്ധതി പ്രകാരം ഫണ്ട് ലഭിക്കുന്നത്; 2018 - 19 വർഷത്തേക്കുള്ള സർവശിക്ഷാ അഭിയാൻ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

എ) സംസ്ഥാനത്തെ എൽ.പി., യു.പി. സ്കൂളുകളിലെ താഴെപറയുന്ന പ്രവർത്തനങ്ങൾക്ക് സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാക്കുന്നു.

2 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ പാഠപുസ്തകങ്ങൾ നൽകുന്നു 1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ എല്ലാ പെൺകുട്ടികൾക്കും, എസ്.സി., എസ്.ടി വിഭാഗം എല്ലാ ആൺകുട്ടികൾക്കും മറ്റു വിഭാഗങ്ങളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള ആൺകുട്ടികൾക്കും രണ്ട് ജോഡി സൗജന്യ യൂണിഫോം നൽകുന്നു, ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകർക്ക് ടീച്ചർ ഗ്രാന്റ് നൽകുന്നു, മുഴുവൻ എയ്ഡഡ്, ഗവൺമെന്റ് വിദ്യാലയങ്ങൾക്കും എൽ.പി. വിഭാഗത്തിനും യു.പി. വിഭാഗത്തിനും സ്കൂൾ ഗ്രാന്റുകൾ നൽകുന്നു.

ശാസ്ത്രോത്സവം, ടാലന്റ് ലാബുകൾ, ഗണിതോത്സവം , വിദ്യാലയ ജൈവവൈവിധ്യ ഉദ്യാനം, പ്രകൃതി പഠനപ്രവർത്തന പുസ്തകം (വേനൽപ്പച്ച), ശാസ്ത്ര പഠനയാത്രകൾ, അധ്യാപക പഠനകൂട്ടായ്മകൾ, വിദ്യാലയ കൂട്ടുചേരൽ പരിപാടി (സ്കൂൾ ട്വിന്നിംഗ് പ്രോഗ്രാം), എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി ഓട്ടിസം സെന്ററുകൾ, വൈദ്യപരിശോധനാ ക്യാമ്പുകൾ തെറാപ്പിസ്റ്റുകളുടെ സേവനം ഇവർക്ക് ട്രാൻസ്പോർട്ട്, എസ്കോർട്ട് അലവൻസ് റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പളം എന്നിവ നൽകുന്നു വിദ്യാഭ്യാസം മെച്ചപ്പെടുത്തിന്നതിനും ശാരീരിക പരിമിതികൾ മറികടക്കുന്നതിനും അനുയോജ്യമായ കണ്ണട, ശ്രവണസഹായി, വീൽചെയർ തുടങ്ങിയ ഉപകരണങ്ങൾ നൽകു

ന്നതിന് പണം നൽകുന്നു. ഔട്ട് ഓഫ് സ്കൂൾ ചിൽഡ്രൻ പദ്ധതി പ്രകാരം പ്രത്യേക പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പണം നൽ കുന്നു.

. ഒന്നാം ക്ലാസിലെ എല്ലാ ഡിവിഷനിലും ക്ലാസ് ലൈബ്രറി സജ്ജീകരണം, ക്ലാസ് ഗണിത ലാബുകൾ, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം തുടങ്ങിയ പഠനപോഷണ പരിപാടി കൾ, അധ്യാപകർക്ക് അവധിക്കാല പരിശീലനങ്ങൾ , ക്ലസ്റ്റർതല പരിശീലനങ്ങൾ സ്കൂൾപ്രവേശനോത്സവം എന്നിവയ്ക്ക് സഹായം നൽകുന്നു. തെരഞ്ഞെടുത്ത സ്കൂളുകളിൽ മേജർ റിപ്പയറിങ് നടത്തുന്നതിനും ടോയ്ലറ്റ്,അഡാപ്റ്റഡ് ടോയ്ലറ്റ്, യൂറിനലുകൾ തുടങ്ങിയ സിവിൽ വർക്കുകൾക്ക് ധനസഹായം നൽകുന്നു. 2018-19 വർഷത്തേക്കുള്ള സർവ്വശിക്ഷാഅഭിയാൻ പദ്ധതിക്കുള്ള കേന്ദ്ര സർക്കാർ അംഗീകാരം ഇതേവരെ ലഭിച്ചിട്ടില്ല.ഇതിന്റെ മുന്നോടിയായിട്ടുള്ള സംസ്ഥാനതല പ്ലാൻ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

ബി) മുൻ വർഷം നിർദ്ദേശിച്ചത് എത്ര തുകയുടെ പദ്ധതിയായിരുന്നു; ആയതിലേക്കുള്ള കേന്ദ്ര വിഹിതം പൂർണമായി ലഭിച്ചോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം കേന്ദ്രം അറിയിച്ചിട്ടുണ്ടോ;

ബി) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ 564.73 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചിരുന്നത്. തുടർന്നുള്ള കേന്ദ്രബഡ്ജറ്റിൽ എസ്.എസ്.എയ്ക്കായി നീക്കി വച്ച തുക അതിനു മുൻവർഷത്തേക്കാൾ കുറവായതിനാൽ ആനുപാതികമായി എല്ലാ സംസ്ഥാനങ്ങൾക്കും കിട്ടേണ്ടിയിരുന്ന കേന്ദ്രവിഹിതത്തിൽ വൻകുറവുണ്ടായി. ഇതനുസരിച്ച് കേരളത്തിനും കിട്ടേണ്ടിയിരുന്ന വിഹിതത്തിൽ നിന്നും 202.05 കോടി രൂപയുടെ കുറവ് കേന്ദ്രസർക്കാർ വരുത്തി. കേരളത്തിന് കേന്ദ്രത്തിൽ നിന്നും കിട്ടേണ്ടിയിരുന്ന 338.44 കോടി രൂപയ്ക്കു പകരം അനുവദിച്ച വിഹിതം 136.79 കോടി രൂപ മാത്രമാണ്. സംസ്ഥാന സർക്കാർ വിഹിതമായി നാളിതുവരെയായി 126.35 കോടി രൂപയും ബഡ്ജറ്റ് വിഹിതമായി 4.5 കോടി രൂപയും ലഭിച്ചു.

സി) സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിലെ ആധുനീകരണ പ്രവർത്തനങ്ങളെയും പഠന പരിപോഷണ പ്രവർത്തനങ്ങളെയും എസ്. എസ്. എ. ഫണ്ടിന്റെ ലഭ്യതക്കുറവും ഫണ്ട് ലഭിക്കുന്നതിലുള്ള കാലതാമസവും ബാധിക്കാതിരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സി) എസ്.എസ്.എ ഫണ്ടിന്റെ ലഭ്യതക്കുറവും ഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസവും എസ്.എസ്.എ.യുടെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കാതിരിക്കുന്നതിനായി ചെലവുകൾ ചുരുക്കിയും പ്രോഗ്രാമുകൾക്ക് മുൻഗണന നിശ്ചയിച്ചും ആണ് നടപ്പിലാക്കിയത്.

സെക്ഷൻ ഓഫീസർ